**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2781** **22-01-2021 - ൽ മറുപടിയ്ക്ക്**

**താഴേക്കോട്-ആലിപ്പറമ്പ് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | **Shri. K. Krishnankutty**<br>**(ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട താഴെക്കോട്, ആലിപ്പറമ്പ് എന്നീ ഗ്രാമപഞ്ചായത്തുകൾക്കായി വിഭാവനം ചെയ്ത താഴെക്കോട്-ആലിപ്പറമ്പ് കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടമായി വാട്ടർ അതോറിറ്റി തയ്യാറാക്കിയ പദ്ധതിരേഖയ്ക്ക് തുക അനുവദിക്കുന്നതിന് ജലവിഭവ വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (എ) | താഴെക്കോട്, ആലിപ്പറമ്പ് കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം പ്രവൃത്തി പൂർത്തീകരിച്ച രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു . |
| (ബി) | പ്രസ്തുത പദ്ധതിക്കായി 138 കോടി രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ട് ജലവിഭവവകുപ്പുമന്ത്രി നൽകിയ കുറിപ്പിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വാട്ടർ അതോറിറ്റി തയ്യാറാക്കിയ 28.75 കോടി രൂപയുടെ പദ്ധതി റിപ്പോർട്ടിന്മേൽ ഭരണാനുമതി നൽകുന്നതിന് വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | 138 കോടി രൂപയുടെ പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് താഴേക്കോട്-ആലിപ്പറമ്പ പഞ്ചായത്തുകളിൽ 19 ലക്ഷം ലിറ്റർ ശേഷിയുള്ള ഓരോ ഉപരിതല സംഭരണി സ്ഥാപിക്കേണ്ടതായുണ്ട്. പഞ്ചായത്ത് കൈമാറിയ ഭൂമി, പദ്ധതിയുടെ നടത്തിപ്പിന് സാങ്കേതികമായി അനുയോജ്യമല്ലാത്തതിനാൽ പുതിയ സ്ഥലം കണ്ടെത്തേ ണ്ടതായിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിയിൽ താഴേക്കോട്-ആലിപ്പറമ്പ പദ്ധതി നടപ്പിലാക്കാനുള്ള സാദ്ധ്യതയും പരിശോധിച്ച് വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായ സാഹചര്യത്തിൽ ഏകദേശം ഇരുപതിനായിരത്തിലധികം വരുന്ന കുടുംബങ്ങൾക്ക് പ്രയോജനകരമായതിനാൽ ടി പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ? | (സി) | പ്രസ്തുത പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്ന തിനാവാശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ